**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 520** **08-10-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് എത്ര കോടി രൂപ അനുവദിച്ചിരുന്നു; ഈ പ്രവൃത്തി മാറ്റി പകരം മേപ്പയ്യൂർ-ആവള-ചെറുവണ്ണൂർ റോഡിന്റെ പ്രവൃത്തിക്ക് 10 കോടി രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിരുന്നോ; വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് 10 കോടി രൂപ അടങ്കൽ തുക കണക്കാക്കി 2 കോടി അനുവദിച്ചിരുന്നു. ഈ എസ്റ്റിമേറ്റ് തുകയിൽ നിന്നും ബഹു. എം.എൽ.എ ശ്രീ. ടി.പി. രാമകൃഷ്ണന്റെ 18.04.2022-ലെ ശിപാർശക്കനുസൃതമായി 6 കോടി രൂപ ക്രമ നം.806 ആയി ഉൾപ്പെടുത്തിയ മേപ്പയ്യൂർ-ചെറുവണ്ണൂർ-റോഡിന് അനുവദിച്ചുകൊണ്ട് 13/01/2023 തിയതിയിലെ സ.ഉ.(സാധാ) നം.283/2023/FIN പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള യുക്തമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്ന മുറയ്ക്ക്/ പ്രവൃത്തിയുടെ പുരോഗതിക്കനുസൃതമായി കരാറുകാരുടെ ബിൽ തുക അനുവദിക്കാവുന്നതാണ്. |
| (ബി) | കത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് പ്രവൃത്തി മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ടിന്റെ നിലവിലെ അവസ്ഥ എന്താണ്; വിശദമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡിന് 10 കോടി രൂപ അടങ്കൽ തുക കണക്കാക്കി 2 കോടി അനുവദിച്ചിരുന്നു. ഈ എസ്റ്റിമേറ്റ് തുകയിൽ നിന്നും ബഹു. എം.എൽ.എ ശ്രീ. ടി.പി. രാമകൃഷ്ണന്റെ 18.04.2022-ലെ ശിപാർശക്കനുസൃതമായി 6 കോടി രൂപ ക്രമ നം.806 ആയി ഉൾപ്പെടുത്തിയ മേപ്പയ്യൂർ-ചെറുവണ്ണൂർ-റോഡിന് അനുവദിച്ചുകൊണ്ട് 13/01/2023 തിയതിയിലെ സ.ഉ.(സാധാ) നം.283/2023/FIN പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള യുക്തമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്ന മുറയ്ക്ക്/ പ്രവൃത്തിയുടെ പുരോഗതിക്കനുസൃതമായി കരാറുകാരുടെ ബിൽ തുക അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ